ഹഫ്-എ മില്യൻ ജോബ് പ്രോഗ്രാമനുസരിച്ചു നിയമിച്ച ജീവനക്കാർ

*750 [816] ശ്രീ. പി. ആർ. ശിവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഫ്-എ-മില്യൻ ജോബ് പ്രോഗ്രാമനുസരിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ് വകുപ്പിൽ നിയമിച്ച ജൂനിയർ എഞ്ചിനിയർ, ഹെൽപ്പർ എന്നീ വിഭാഗം ജീവനക്കാരെ സർവ്വീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇക്കാര്യത്തിൽ എന്തുകൊണ്ട് ഇത്രയും കാലതാമസം ഉണ്ടായി എന്ന് വെളിവാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.

(ബി & സി) സ്ഥിരപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ഗവൺമെൻറ് പരിഗണനയിലിരിക്കുകയാണ്. ഇതു സംബന്ധിച്ച് ചില വിവരങ്ങൾ കൂടി ലഭ്യമാകാനുണ്ട്. അവ കിട്ടിയാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഗസറ്റഡ് നോൺ ഗസറ്റഡ് വിഭജന സമ്പ്രദായം നിറുത്തലാക്കൽ

*751 [818] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഓഫീസർമാരും നോൺ ഗസറ്റഡ് ഓഫീസർമാരും ആക്കി വിഭജിച്ചുകൊണ്ടുള്ള നിലവിലുള്ള സമ്പ്രദായം കേരളത്തിൽ നിറുത്തുന്നതിന് നടപടികൾ എടുക്കുമോ;

(ബി) ഇന്ന് കേരളത്തിൽ ഗസറ്റഡ് ഓഫീസർമാർക്ക് നോൺ ഗസറ്റഡ് ഓഫീസർമാരിൽനിന്ന് വ്യത്യസ്തമായി കിട്ടുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും അധികാരങ്ങളും എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ പശ്ചിമബംഗാൾ കൈക്കൊണ്ട നടപടികൾ കേരളത്തിൽ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഗവൺമെൻറ് ഇക്കാര്യം മുൻപ് വിശദമായി പരിഗണിച്ചതാണ്, പ്രശ്നം ചന്ദ്രഭാനുകമ്മീഷൻറെ പരിഗണനക്കും വിട്ടുകൊടുത്തിരുന്നു. കമ്മീഷൻ ഇക്കാര്യത്തിൽ ശുപാർശയൊന്നും നൽകിയില്ല. ഗസറ്റഡ് നോൺ ഗസറ്റഡ് തരംതിരിവ് നിറുത്തലാക്കുന്നതുകൊണ്ട് ശ്രദ്ധേയമായ പ്രയോജനമൊന്നുമില്ലെന്നുള്ളതുകൊണ്ടും അക്കൗണ്ടോഫീസിലെ ജോലിക്കും മറ്റും മാറ്റം വേണമെന്നുള്ളതുകൊണ്ടും ഇതു നിറുത്തലാക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly